# കേരള കലാമണ്ഡലം

(കല്പിതസർവകലാശാല)



# ആർട് ഹയർസെക്കണ്ടറി സ്കൂൾ

## പ്രോസ്പെക്റ്റസ് 2026-27

## കേരള കലാമണ്ഡലം

# ആർട്ട് ഹയർ സെക്കണ്ടറി കോഴ്സ്

## പ്രോസ്പെക്ടസ്

### 1. പ്രവേശന രീതി

പത്താം തരം ജയിച്ച 2026 ജൂൺ 1-ന് 20 വയസ് കവിയാത്ത വിദ്യാർത്ഥികൾക്കാണ് കലാമണ്ഡലത്തിൽ പ്ലസ് വൺ പ്രവേശനം ലഭിക്കുന്നത്. പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർഥികൾ കലാമണ്ഡലം വെബ്സൈറ്റിൽ (www.kalamandalam.ac.in) കൊടുത്ത നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് പ്രായ പരിധിയിൽ രണ്ട് വർഷം ഇളവു ലഭിക്കും. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥി(നി)കൾ താഴെപറയുന്ന 14 കലാവിഷയങ്ങളി ലേയ്ക്കായി അപേക്ഷിക്കേണ്ടതാണ്. എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ വിഷയ ത്തിനും അപേക്ഷിക്കാം. ഓരോ വിഷയത്തിനും പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. വിദ്യാർത്ഥി(നി) ഒരു കലാവിഷയം പ്രധാന വിഷയമായി എടുത്താണ് ഹയർസെക്കന്ററി പഠനം പൂർത്തിയാക്കുന്നത്. ഓൺലൈൻ ആയി അപേക്ഷാഫോറം സമർപ്പിച്ച ശേഷം നിർദ്ദിഷ്ട കലാവിഷയത്തിൽ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. ഹൈസ്കൂൾ സിലബസ് പ്രകാരമുള്ള പ്രയോഗമികവ് പുലർത്തുന്നവർക്കായിരിക്കും അഭിമുഖ പരീക്ഷയ്ക്ക് ശേഷമുള്ള റാങ്ക് ലിസ്റ്റിലെ ക്രമമനുസരിച്ച് പ്ലസ് വൺ-ന് അപേക്ഷിച്ചിട്ടുള്ള വിഷയത്തിൽ പ്രവേശനം നൽകുന്നത്. പ്രവേശനം ലഭിച്ച ശേഷം കലാവിഷയം മാറാൻ അനുവദിക്കുന്നതല്ല.

പ്ലസ് വൺ-ന് അപേക്ഷിച്ച യോഗ്യരായ വിദ്യാർത്ഥി(നി)കൾ അഭിമുഖ പരീക്ഷയ്ക്ക് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്. മറ്റു സ്കൂളുകളിൽ നിന്നും പത്താം ക്ലാസ് വിജയിച്ച വിദ്യാർത്ഥി(നി)കൾക്ക് അപേക്ഷിക്കുന്ന കലാവിഷയത്തിൽ കലാഭിരുചി, ആഭിമുഖ്യം, മുൻപരിചയം, പ്രയോഗ മികവ്, കലാപരിശീലനത്തിന് യോജിച്ച ശാരിരിക അവസ്ഥ എന്നിവ നിർബന്ധമാണ്. അപേക്ഷിക്കുന്ന കലാവിഷയത്തിൽ കലാമണ്ഡലം ഹൈസ്ക്കുൾ തലത്തിൽ പഠിച്ച സിലബസ്സിന് തുല്യമായ കലാപ്രാവീണ്യം നേടിയിരിക്കണം. ഓരോ വിഷയത്തിലും അപേക്ഷ സമർപ്പിക്കുന്ന, പ്രായപരിധിക്കുള്ളിൽ വരുന്ന യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും അഭിമുഖ പരീക്ഷ നടത്തുന്നതാണ്. അഭിമുഖ പരീക്ഷക്ക് പരമാവധി 50 മാർക്ക്. അഭിമുഖത്തിന് ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിശ്ചിത തീയതിക്കുള്ളിൽ വിദ്യാർത്ഥി(നി)കൾ പ്രവേശനം

നേടേണ്ടതാണ്. ഓരോ വിഭാഗത്തിലും നിജപ്പെടുത്തിയിട്ടുള്ള സീറ്റുകളിൽ കൂടുതൽ പ്രവേശനം നൽകുന്നതല്ല.

## 2. ഫീസ് ക്രമം

| | |
|---|---|
| അഡ്മിഷൻ ഫീസ്: | 500/- രൂപ |
| ഒന്നാംവർഷ ഫീസ്: | 1000/- രൂപ |
| കോഷൻ മണി: | 700/- രൂപ |
| മാഗസിൻ ഫണ്ട്: | 100/- രൂപ |
| ജനറൽ ഫണ്ട്: | 400/- രൂപ |
| പരീക്ഷാ ഫീസ്: | 600/- രൂപ |
| ഇൻഷൂറൻസ് ഫീസ്: | 500/- രൂപ |
| സ്പോർട്സ് അഫിലിയേഷൻ ഫണ്ട്: | 300/- രൂപ |
| സ്റ്റുഡൻസ് വെൽഫയർ ഫണ്ട്: | 500/- രൂപ |
| ഐ.ഡി. കാർഡ്: | 100/- രൂപ |
| വിദ്യാർത്ഥി സമാജം: | 500/- രൂപ |
| ലൈബ്രറി ഫീ: | 200/- രൂപ |
| പി.ടി.എ ഫണ്ട്: | 1000/- രൂപ |
| സ്റ്റേഷനറി: | 100/- രൂപ |
| ഓഡിയോ വിഷ്വൽ ഫീ: | 100/- രൂപ |
| ഹോസ്റ്റൽ ഡെപ്പോസിറ്റ്: | 2000/- രൂപ |
| മെസ്സ് അഡ്വാൻസ്: | 3000/- രൂപ |
| ലോൺട്രി അഡ്വാൻസ് | 500/- രൂപ |
| | ----------- |
| ആകെ: | 12,100/- രൂപ |
| | =========== |

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ മെസ്സ് അഡ്വാൻസ് ഹോസ്റ്റൽ ഡെപ്പോസിറ്റ് എന്നീ ഫീസുകൾ ഒഴികെയുള്ള 7,100/ രൂപ അടവാക്കേണ്ടതാണ്. സർക്കാർ വകുപ്പിൽ നിന്ന് പിന്നീട് റി ഇമ്പേഴ്സ് ചെയ്തു കിട്ടുന്നതായിരിക്കും. പ്ലസ് വൺ പ്രവേശനം ലഭിക്കുന്നവർക്ക് ഹോസ്റ്റൽ താമസം നിർബന്ധമാണ്.

## 3. റസിഡൻഷ്യൽ

കേരള കലാമണ്ഡലം, റസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള സർവകലാശാലയാണ്. മൺസൂൺ (ജൂൺ മുതൽ ആഗസ്റ്റ് വരെ) കാലത്ത് പുലർച്ചെ 4.30-ന് ആരംഭിക്കുന്ന സാധകം 6.30 വരെ തുടരും. അല്ലാത്ത മാസങ്ങളിൽ 5.30 മുതൽ 7.30 വരെയും സാധക ക്ലാസ്സുകൾ ഉണ്ടായിരിക്കും. തുടർന്നുള്ള ക്ലാസ്സുകൾ 9 മണിക്ക് ആരംഭിക്കും. പൊതുവിഷയങ്ങൾ പഠിക്കുന്നതിനുള്ള ക്ലാസ്സുകളും ഉണ്ടായിരിക്കും.

## 4. അച്ചടക്കം

കളരികളിലും ക്ലാസ്സുകളിലും കർശനമായ അച്ചടക്കം പാലിക്കേണ്ടതുണ്ട്. ബഹു. ഹൈക്കോടതിയുടെ വിധി അനുസരിച്ച് കേരള കലാമണ്ഡലം ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയവും രാഷ്ട്രീയാനുബന്ധ പ്രവർത്തനങ്ങളും നിരോധിച്ചിട്ടുള്ളതാണ്. കലാമണ്ഡലത്തിന്റെ നിയമാവലി ലംഘിക്കുന്നവരും അച്ചടക്കലംഘനം നടത്തുന്നവരും സ്വഭാവദൂഷ്യം കാണിക്കുന്നവരും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരും മതിയായ കാരണങ്ങൾ ഇല്ലാതെ ക്ലാസ്സുകളിൽ ഹാജരാകാത്തവരും ആയ വിദ്യർഥികളെ സ്ഥാപനത്തിൽ നിന്ന് വിടുതൽ നല്കുന്ന കാര്യം കലാമണ്ഡലത്തിന് തീരുമാനിക്കാവുന്നതാണ്. കലാമണ്ഡലത്തിലെ സ്ഥാവരജംഗമ വസ്തുക്കൾക്ക് കേടുപാടുകൾ വരുത്തുകയോ നശിപ്പിക്കുകയോ ചെയ്താൽ നഷ്ടം ഒറ്റക്കോ കൂട്ടായോ വിദ്യാർഥികളിൽ നിന്നും ഈടാക്കുന്നതാണ്. കൂടാതെ വൈദ്യുതി, വെള്ളം, ഭക്ഷണം, താമസം എന്നിവയുടെ ചെലവ് വിദ്യാർഥികൾ വഹിക്കേണ്ടതാണ്. കലാമണ്ഡലം രജിസ്ട്രാറുടെ അറിവും സമ്മതവും ഇല്ലാതെ പുറം പരിപാടിക്ക് പോകുന്നത് ശിക്ഷാർഹമാണ്. അത്തരം വിദ്യാർഥികളെ സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യുന്നതാണ്.

## 5. ഹോസ്റ്റൽ പ്രവേശനം

കലാമണ്ഡലം റസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള സർവകലാശാല ആകയാലും കളരിസാധകം പുലർച്ചയ്ക്ക് മുൻപേ ആരംഭിക്കേണ്ടതുള്ളതു കൊണ്ടും സാധകം നിർബന്ധമായ എല്ലാ വിദ്യാർഥികളും കാമ്പസിൽ തന്നെ താമസിക്കേണ്ടതാണ്. സാധകം നിർബന്ധമല്ലാത്ത വിഷയങ്ങളിൽ ഇക്കാര്യത്തിൽ ഇളവ് നൽകുന്നതിന് കലാമണ്ഡലത്തിന് തീരുമാനമെടുക്കാവുന്നതാണ്. ഹോസ്റ്റൽ പ്രവേശനത്തിന് പ്രത്യേകം അപേക്ഷ നല്കേണ്ടതുണ്ട്. ഹോസ്റ്റലിൽ നിന്ന് വിടുതൽ ചെയ്യുമ്പോൾ വിദ്യാർഥികൾ

ഉപയോഗിക്കുന്ന മുറി വൃത്തിയായും അവയിലെ ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവ കേടുകൂടാതെയും തിരിച്ചേല്പിക്കേണ്ടതാണ്. നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയവയ്ക്ക് ഉത്തരവാദികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.

## 6. സൈസ്റ്റപ്പന്റ്

അർഹരായ വിദ്യാർഥികൾക്ക് പ്രതിമാസം 1,500/- രൂപയുടെ സൈസ്റ്റപ്പന്റ് ലഭിക്കുന്നതാണ്. പഠനത്തിൽ തൃപ്തികരമായ പുരോഗതി കാണിക്കാത്ത വിദ്യാർഥികൾക്ക് തുടർന്നുള്ള വർഷങ്ങളിൽ സൈസ്റ്റപ്പന്റ് ലഭിക്കുന്നതല്ല. ഓരോ വർഷത്തിന്റെയും ആദ്യത്തെ ആഴ്ചയിൽ സൈസ്റ്റപ്പന്റിനുള്ള അപേക്ഷകൾ നൽകേണ്ടതാണ്. അധ്യയനം ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണം. വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സൈസ്റ്റപ്പന്റ് നൽകുക. സൈസ്റ്റപ്പന്റ് തുടർന്ന് ലഭിക്കുന്നതിന് 80% ഹാജറുണ്ടാകേണ്ടതും, പഠനപുരോഗതി വിലയിരുത്തിയുള്ള വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത വിദ്യാർഥികൾ ഫീസ് അടച്ച് പഠനം തുടരേണ്ടതാണ്. കലാമണ്ഡലത്തിലെ സ്ഥാവര-ജംഗമ വസ്തുക്കൾക്ക് കേടുപാടുകൾ വരുത്തുകയും കലാമണ്ഡലത്തിന്റെ യശസ്സിനും പ്രവർത്തനങ്ങ ൾക്കും കളങ്കമേൽപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവരുടെ സൈസ്റ്റപ്പന്റ് നിർത്തലാക്കുന്നതാണ്. പഠനകാലത്തിനിടയിൽ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങുന്നവർ സൈസ്റ്റപ്പന്റ് തുക തിരിച്ച് അടക്കേണ്ടതാണ്. സൈസ്റ്റപ്പന്റ് തുകയിൽ ഹോസ്റ്റൽ ഫീസ്, വെള്ളം, വൈദ്യുതി എന്നിവയിൽ അധികമായി വരുന്ന തുക അടക്കുവാൻ വിദ്യാർഥി ബാദ്ധ്യസ്ഥനാണ്.

## 7. സംവരണം

നിലവിലുള്ള നിയമമനുസരിച്ച് പ്രവേശനത്തിന് സംവരണതത്ത്വം പാലിക്കുന്നതാണ്. സംവരണവിഭാഗത്തിലുള്ള എല്ലാവർക്കും സർക്കാർ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അർഹതയനുസരിച്ച് ലഭിക്കു ന്നതാണ്.

| 8. | 14 കോഴ്സുകൾ വിവരങ്ങൾ (കലാവിഷയങ്ങൾ) | സീറ്റ് |
|---|---|---|
| 1. | കഥകളി വേഷം - വടക്കൻ: ആൺകുട്ടികൾ | 4 |
| 2 | കഥകളി വേഷം - തെക്കൻ: ആൺകുട്ടികൾ | 4 |
| 3. | കഥകളി സംഗീതം: ആൺകുട്ടികൾ | 4 |
| 4. | ചെണ്ട: ആൺകുട്ടികൾ | 8 |
| 5. | മദ്ദളം: ആൺകുട്ടികൾ | 4 |
| 6. | ചുട്ടിയും കോപ്പുപണിയും: ആൺകുട്ടികൾ | 4 |
| 7 | കൂടിയാട്ടം പുരുഷവേഷം: ആൺകുട്ടികൾ | 4 |
| 8 | കൂടിയാട്ടം സ്ത്രീവേഷം: പെൺകുട്ടികൾ | 4 |
| 9 | മിഴാവ്: ആൺകുട്ടികൾ | 4 |
| 10 | തിമില: ആൺകുട്ടികൾ | 4 |
| 11 | തുള്ളൽ: ആൺകുട്ടികൾ/പെൺകുട്ടികൾ | 4 |
| 12 | മൃദംഗം: ആൺകുട്ടികൾ | 4 |
| 13 | കർണ്ണാടകസംഗീതം: ആൺകുട്ടികൾ/പെൺകുട്ടികൾ | 8 |
| 14 | നൃത്തം: പെൺകുട്ടികൾ | 12 |

**9. അപേക്ഷിക്കുന്ന രീതി**

അപേക്ഷഫോമിൽ കൊടുത്തിരിക്കന്ന QR Code സ്കാൻ ചെയ്ത് അപേക്ഷ ഫീ അടവാക്കി ആയതിൻറെ സ്ക്രീൻ ഷോട്ട് അറ്റാച്ച് ചെയ്ത ശേഷം അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. 300/ രൂപയാണ് അപേക്ഷ ഫീസ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർ 100/ രൂപ അടച്ചാൽ മതിയാകും. സ്കാൻ ചെയ്ത് അപേക്ഷഫീ അടവാക്കാതെ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയോടൊപ്പം അസ്സൽ സാക്ഷ്യപത്രങ്ങളോ പകർപ്പുകളോ വെയ്ക്കേണ്ടതില്ല. അഭിമുഖസമയത്ത് എല്ലാ അസ്സൽ സാക്ഷ്യപത്രങ്ങളും അവയുടെ ഓരോ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

**10. പ്രവേശന ക്രമം:**

| | | |
|---|---|---|
| 1. | വെബ്സൈറ്റിൽ നിന്നും അപേക്ഷ ലഭിക്കുന്ന തീയതി | : 15/05/2026 |
| 2. | പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാനദിവസം | : 29/05/2026 |
| 3. | അഭിമുഖം നടക്കുന്ന തീയ്യതി: | 04, 05/06/2026 |
| 4. | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം: | 10/06/2026 |
| 5. | പ്രവേശനത്തിനുള്ള തീയതി: | 18/06/2026 |
| 6. | ക്ലാസ്സുകൾ ആരംഭിക്കുന്നത്: | 18/06/2026 |

**പ്രവേശനം സംബന്ധിച്ച പരാതികൾ**

കേരള കലാമണ്ഡലം പ്രവേശനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതെങ്കിലും വ്യക്തികളെയോ സ്ഥാപനങ്ങളെയോ ചുമതലപ്പെടുത്തിയിട്ടില്ല. പ്രവേശനം സംബന്ധിച്ച പരാതികൾ വൈസ് ചാൻസലർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ഫോൺ : 04884 262418**

**E-mail: info@kalamandalam.ac.in, academic@kalamandalam.ac.in**

**Website: www.kalamandalam.ac.in**